LIBRARY ARCHIVES Kerala Legislative Assembly

(35) റിംഗ് റോഡ് യാഥാർത്ഥ്യമാക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സ്ഥലമാണ് കുന്നംകുളം ടൗൺ. കാസർഗോഡു മുതൽ വടക്കൻ ജില്ലകളിൽ നിന്നുള്ള ആയിരക്കണക്കിന് വാഹനങ്ങളാണ് തൃശ്ശൂരിലേക്കും തെക്കൻ ജില്ലകളിലേക്കും ഇതുവഴി കടന്നുപോകുന്നത്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും ഗുരുവായൂരിലേയ്ക്കും ശബരിമലയിലേക്കും തീർത്ഥാടത്തിനെത്തുന്ന ആയിരക്കണക്കിന് വാഹനങ്ങളും ചരക്ക് ലോറികളും ഈ ടൗണിലൂടെയാണ് കടന്നുപോകുന്നത്. ഈ വാഹനങ്ങളെല്ലാമാകുമ്പോൾ ടൗണിൽ എല്ലാസമയത്തും വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. കുന്നംകുളത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് ടൗണിന് ചുറ്റുമായി ഒരു റിംഗ് റോഡ് നിർമ്മിക്കുന്നതിന് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് 4 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുടർവർഷങ്ങളിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. 2014-15 ബഡ്ജറ്റിൽ റിംഗ് റോഡ് നിർമ്മിക്കുന്നതിന് 8 കോടി രൂപ വകയിരുത്തണമെന്ന് ഞാൻ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു എങ്കിലും 100 രൂപയുടെ ടോക്കൺ തുകയല്ലാതെ മതിയായ തുക വകയിരുത്തിയിട്ടില്ല. വലിയ ഗതാഗത പ്രാധാന്യമുള്ള കുന്നംകുളം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റിംഗ് റോഡ് അത്യന്താപേക്ഷിതമാണ്. ഇത് യഥാർത്ഥ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി ഇവിടെ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. കുന്നംകുളം ടൗണിൽ റിംഗ് റോഡ് നിർമ്മിക്കുന്നത് ഒരു പ്രധാന പദ്ധതിയാണ്. ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യും മറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിനുശേഷം അതെങ്ങനെ പ്രായോഗികമാക്കാമെന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(36) ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ജി. എസ്. ജയലാൽ : സർ, കൊല്ലം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ്. എൻ. എച്ച്. 66-ഉം കൊല്ലം-കുളത്തുപ്പുഴ കെ.എസ്.റ്റി.പി. റോഡുമായി ബന്ധിപ്പിക്കുന്ന റോഡാണിത്.